# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 242 | 26.09.2016 -ൽ മറുപടിയ്ക്ക് |
|---|---|

### സി.ഡി.പി.ഒ മാരുടെ നിയമനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ .കെ.ബാബു | | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | സാമൂഹ്യനീതിവകുപ്പിൽ 'സി.ഡി.പി.ഒ' മാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരുടെ നിയമനം ഇതുവരെ നടന്നുവെന്നും റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനു ശേഷം പ്രൊമോഷനിലൂടെ നടത്തിയ നിയമനം എത്രയാണെന്നും പ്രത്യേകം വ്യക്തമാക്കുമോ ; | (എ) | സാമൂഹ്യനീതി വകുപ്പിൽ ശിശു വികസന പദ്ധതി ഓഫീസർമാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ 51 പേരുടെ നിയമനം നടന്നിട്ടുണ്ട്. ശിശു വികസന പദ്ധതി ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം 43 പേർക്ക് പ്രൊമോഷൻ മുഖേന ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | എൻ.ജെ.ഡി റിപ്പോർട്ട് ചെയ്തതിനുശേഷം, റാങ്ക് പട്ടിക അനുസരിച്ച് നിയമനം നടത്തുന്നതിനു മുമ്പ് പ്രമോഷനിലൂടെ ഒഴിവ് നികത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ; | (ബി) | എൻ.ജെ.ഡി ഒഴിവുകൾ റിപ്പോർട്ട് ചെയ്തശേഷം പ്രസ്തുത ഒഴിവുകളിൽ പ്രൊമോഷൻ മുഖേന നിയമനം നടത്തിയിട്ടില്ല. |
| (സി) | നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്നും, ആയതിന്റെ നിയമന നടപടികളുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ; | (സി) | ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനും പ്രൊമോഷൻ മുഖേന നിയമനത്തിനും ഓരോ ഒഴിവുകളാണ് (ആകെ-2) ഉള്ളത്. പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമന നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | വ്യവസ്ഥപ്രകാരം '4:1' എന്ന ക്രമം കൃത്യമായി പാലിക്കുന്നതിന് നിർദേശം നൽകുമോ? | (ഡി) | സാമൂഹ്യനീതി വകുപ്പിലെ സ്പെഷ്യൽ റൂൾ പ്രകാരം ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലെ നിയമനം 1:4 (1 നേരിട്ടുള്ള നിയമനം 4 ഉദ്യോഗക്കയറ്റം) എന്ന അനുപാതത്തിലാണ്. വകുപ്പിലെ ആകെ 258 ശിശു വികസന പദ്ധതി ഓഫീസർ തസ്തികകളിൽ 206 തസ്തികകൾ വകുപ്പിലെ ജീവനക്കാരിൽ നിന്ന് പ്രൊമോഷനിലൂടെയും 52 തസ്തികകൾ പി.എസ്.സി മുഖാന്തിരവും നിയമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ